I ഇ.ബി. XIV-കേരള നിയമസഭ/XVI-8

**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2019 നവംബർ 06, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

ഇടുക്കി ജില്ലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണം

മി. സ്പീക്കർ: 2019 ഓഗസ്റ്റ് 22-ന് റവന്യൂ വകുപ്പും സെപ്റ്റംബർ 25-ന് തദ്ദേശസ്വയംഭരണ വകുപ്പും പുറപ്പെടുവിച്ച ഉത്തരവുകൾപ്രകാരം 15 സെന്റിൽ കൂടുതൽ ഭൂമി ഉള്ളവർക്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ ഇടുക്കി ജില്ലയിൽ മാത്രം നിയന്ത്രണം ഏർപ്പെടുത്തിയ വിവേചനപരവും

മൗലികാവകാശനിഷിദ്ധവുമായ ഉത്തരവുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ജെ. ജോസഫ്, കെ. സി. ജോസഫ്, വി. കെ. ഇബ്രാഹിംകുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 1964-ലെ ഭൂ പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിക്കുന്നത് കൃഷിക്കും ഗൃഹനിർമ്മാണത്തിനും ഗുണപരമായ കാര്യങ്ങൾക്കായിരിക്കണമെന്ന് നിബന്ധനയുണ്ട്. പശ്ചിമഘട്ട മലനിരകളിൽപ്പെട്ട ഇടുക്കി ജില്ലയിലെ 8 വില്ലേജുകൾ ഉൾപ്പെടുന്ന മൂന്നാർ പ്രദേശത്തെ കെട്ടിടനിർമ്മാണം സംബന്ധിച്ച് 21-01-2010-ലെ ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കി ഉത്തരവിറക്കിയതുമൂലമുണ്ടായ ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ലഭിച്ച നിവേദനങ്ങളിന്മേൽ ചർച്ചകൾ നടത്തിയതിനുശേഷമാണ് 22-08-2019-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. സാധാരണക്കാരുടെ ഉപജീവനമാർഗ്ഗം

സംരക്ഷിക്കുന്നതിന് ചെറുകിട കെട്ടിടങ്ങൾ നിയമപരമാക്കുന്ന നടപടിയാണ് ഈ ഉത്തരവിലൂടെ സ്വീകരിച്ചിട്ടുള്ളത്. ഭൂ പതിവ് ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് കോടതിയെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. ജെ. ജോസഫ്: 1964-ലെ ഭൂ പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ചിട്ടുള്ള ഭൂമി കൃഷിക്കും ഗൃഹനിർമ്മാണത്തിനും മാത്രമേ ഉപയോഗിക്കാവൂ എന്ന നിയമം നിലവിലുണ്ട്. ഭൂ പതിവ് ചട്ട പ്രകാരം ലഭിച്ചിട്ടുള്ള ടി ഭൂമിയിൽ ആതുരാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി നിരവധി ആവശ്യങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് ഉപയോഗിച്ചുവരുന്നു. മറ്റു ജില്ലകളിൽനിന്നും വ്യത്യസ്തമായി ഭൂമിയുടെമേലുള്ള അവകാശം ഇടുക്കി ജില്ലയ്ക്ക് നിഷേധിക്കാനുള്ള കാരണം വ്യക്തമാക്കണം. ഇടുക്കി ജില്ലയ്ക്ക് മാത്രമാണ് തദ്ദേശസ്വയംഭരണ/റവന്യൂ വകുപ്പുകൾ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് വിവേചനപരമാണ്. 1964-ലെയും 1993-ലെയും ഭൂ പതിവ് ചട്ടങ്ങൾ കാലാനുസൃതമായി ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി ജില്ലയ്ക്ക് മാത്രം ബാധകമാക്കിക്കൊണ്ട്

പുറപ്പെടുവിച്ച ഉത്തരവ് ഏകപക്ഷീയമാണ്. ജില്ലയിലെ സാധാരണക്കാരുടെ ആശങ്ക പരിഹരിക്കുന്നതിന് 1964-ലെ ഭൂ പതിവ് ചട്ടം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: ഇടുക്കി ജില്ലയിലെ ഭൂ വിനിയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജനങ്ങളുടെ ആശങ്ക ഒഴിവാക്കുന്നതിനും 1964-ലെ ഭൂ പതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. എസ്. രാജേന്ദ്രൻ: ഇടുക്കി ജില്ലയിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ മാറ്റം വരുത്തുകയും ഭൂപ്രശ്നം പരിഹരിക്കുന്നതിന് സർവ്വകക്ഷിയോഗം വിളിക്കുകയും ചെയ്യണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ 20419 പട്ടയങ്ങൾ വിതരണം ചെയ്യുകയും ഉപാധിരഹിത പട്ടയമെന്ന ദീർഘകാലാവശ്യത്തിന് അംഗീകാരം നൽകുകയും കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള വരുമാനപരിധി ഒഴിവാക്കുകയും പതിച്ചുകിട്ടുന്ന ഭൂമിയുടെ

കൈമാറ്റ കാലാവധി 12 വർഷമായി കുറയ്ക്കുകയും ഭൂമി ഈടുവച്ച് ലോൺ എടുക്കുന്നതിന് ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും ഭൂ പതിവ് ചട്ടപ്രകാരം നൽകിയ ഭൂമിയിലുള്ള ചന്ദനം ഒഴികെയുള്ള മരങ്ങളുടെ അവകാശം കൃഷിക്കാർക്കുതന്നെ ലഭിക്കുന്ന രീതിയിലുള്ള മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ഇടുക്കി പദ്ധതി പ്രദേശത്ത് പത്തുചങ്ങലയിൽ മൂന്നുചങ്ങല വിട്ടുള്ള പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിനും പെരിഞ്ഞാംകുട്ടിയിലെ ആദിവാസികളുടെ ഭൂ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിലെ സാധാരണക്കാരെ സഹായിക്കുന്നതിനാണ് 22-08-2019-ൽ ഉത്തരവ് പുറപ്പെടുവിച്ചത്. പതിച്ചു നൽകിയ 15 സെന്റ് പട്ടയ ഭൂമിയിൽ 1500 ചതുരശ്ര അടിയിൽ താഴെയുള്ളതും ഉപജീവനാവശ്യത്തിനായി നടത്തിയിട്ടുള്ളതുമായ വാണിജ്യ നിർമ്മാണപ്രവർത്തനങ്ങൾ ക്രമവൽക്കരിച്ച് നൽകുന്നതാണെന്നും ഭൂമി പതിച്ചു നൽകിയ ആവശ്യത്തിൽനിന്നും വ്യത്യസ്തമായി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അവ ഉടമസ്ഥന്റെ ഏക ഉപജീവനോപാധിയാണെന്ന് തെളിയിച്ചാൽ പ്രസ്തുത നിർമ്മാണം നിലനിർത്തുന്നതിന് തീരുമാനമെടുക്കുന്നതാണെന്നും ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 15

സെന്റിലധികമുള്ള പട്ടയഭൂമിയിലെ വാണിജ്യ നിർമ്മാണപ്രവർത്തനങ്ങളുടെ കാര്യത്തിൽ പട്ടയം റദ്ദ് ചെയ്ത് ഭൂമിയും നിർമ്മിതികളും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കി പാട്ടത്തിന് നൽകുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഇടുക്കി ജില്ലയെ മുഴുവൻ ബാധിക്കുന്ന അവസ്ഥയുണ്ടായപ്പോൾ എട്ട് വില്ലേജുകൾക്ക് മാത്രം ബാധകമാക്കിക്കൊണ്ട് മാറ്റം വരുത്തുകയുണ്ടായി. 1964-ലെ ഭൂ പതിവ് ചട്ടങ്ങളിലും നിലവിലുള്ള ഉത്തരവിലും ആവശ്യമായ ഭേദഗതി വരുത്തുമ്പോൾ ഗുണപരമായി എങ്ങനെ മാറ്റാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): 1964-ലെ ഭൂ പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയഭൂമി കൃഷി ആവശ്യത്തിനും വീട് നിർമ്മാണത്തിനും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്നതിനാലാണ് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമാണെന്ന് കോടതി കണ്ടെത്തിയത്. ആയതിനാൽ പ്രസ്തുത ചട്ടങ്ങളിൽ പ്രായോഗികമായ ഭേദഗതി വരുത്തണം. പുതുക്കിയ ഉത്തരവുപ്രകാരം 8 വില്ലേജുകളെ മാത്രം ഉൾപ്പെടുത്തിയത്

ജനങ്ങൾക്കിടയിൽ ആശങ്കയ്ക്കിടയാക്കിയിട്ടുണ്ട്. 15 സെന്റിലധികം ഭൂമിയിൽ 1500 ചതുരശ്ര അടി വിസ്തീർണ്ണത്തിൽക്കൂടുതൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിൽ അവ സർക്കാർ ഏറ്റെടുത്ത് അവർക്കുതന്നെ പാട്ടത്തിന് കൊടുക്കുന്നതിലൂടെ ഉടമസ്ഥരെ പാട്ടക്കാരാക്കുന്ന സ്ഥിതിവിശേഷം അംഗീകരിക്കാൻ കഴിയില്ല. ഭൂ പതിവ് ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതി വരുത്തുകയും ഭൂപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സർവ്വകക്ഷി യോഗം വിളിക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മൂന്നാർ ട്രൈബ്യൂണലിന്റെ ഭാഗമായി നിലനിന്നിരുന്ന വില്ലേജുകളെയാണ് നിലവിലെ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മൂന്നാറിനെ സംരക്ഷിക്കുന്നതോടൊപ്പം ഇടുക്കി ജില്ലയുടെ പ്രശ്നങ്ങൾ പ്രത്യേകം ചർച്ച ചെയ്ത് ഇക്കാര്യത്തിൽ വ്യക്തത വരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി ആവശ്യമെങ്കിൽ സർവ്വകക്ഷി യോഗം വിളിക്കാവുന്നതാണ്.

## II ശ്രദ്ധ ക്ഷണിക്കൽ

### (1) ചെങ്ങന്നൂർ നഗരത്തെ ശബരിമല തീർത്ഥാടന കവാടമായി പ്രഖ്യാപിക്കൽ

ശ്രീ. സജി ചെറിയാൻ: ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട്

ലക്ഷക്കണക്കിന് തീർത്ഥാടകരെത്തുന്ന ചെങ്ങന്നൂർ നഗരത്തെ ശബരിമല തീർത്ഥാടന കവാടമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതിന്റെ തുടർച്ചയായി സംസ്ഥാന സർക്കാരും തീർത്ഥാടന കവാടമായി പ്രഖ്യാപിക്കണം. ശബരിമല ഇടത്താവളം നിർമ്മിക്കാനും മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കാനും കുടിവെള്ള പദ്ധതി ആരംഭിക്കാനും ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി നടത്താനും റോഡ്, റെയിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തീർത്ഥാടകരുടെ പ്രധാന ഇടത്താവളങ്ങളായ ചെങ്ങന്നൂർ, ഏറ്റുമാനൂർ, എരുമേലി, പന്തളം എന്നിവിടങ്ങളിൽ ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ ചേർന്ന് ആവശ്യമായ തീരുമാനങ്ങളെടുക്കുകയും ചെങ്ങന്നൂർ നഗരത്തിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഓപ്പൺ ഓഡിറ്റോറിയത്തിന്റെ നവീകരണ പ്രവൃത്തികളും

റെയിൽവേ സ്റ്റേഷനിലും വിവിധ വകുപ്പുകൾക്കും ആവശ്യമായ ഷെഡ്ഡുകളുടെ നിർമ്മാണപ്രവൃത്തികളും അവസാനഘട്ടത്തിലാണ്. തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള 10 കോടി രൂപയുടെ ഇടത്താവള സമുച്ചയം പദ്ധതി അടുത്ത തീർത്ഥാടന കാലത്തിനുമുമ്പ് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ചെങ്ങന്നൂരിനെ ശബരിമലയുടെ തീർത്ഥാടന കവാടമായി പ്രഖ്യാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (2) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പോക്സോ കേസ്സുകൾ തീർപ്പാക്കുന്നതിനും നടപടി

ശ്രീ. എം. ഉമ്മർ: പോക്സോ നിയമപ്രകാരമുള്ള കേസ്സുകൾ ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആവശ്യമായ ബോധവൽക്കരണം നടത്തണം. നൂറിൽ കൂടുതൽ പോക്സോ കേസുകളുള്ള ജില്ലകളിൽ പ്രത്യേക കോടതി സ്ഥാപിക്കണമെന്ന സുപ്രീംകോടതി ഉത്തരവിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പോക്സോ കേസുകളിൽ പരമാവധി ശിക്ഷ ഉറപ്പാക്കാനും കുറ്റമറ്റരീതിയിൽ കുറ്റപത്രം സമർപ്പിക്കാനും പെൻഡിംഗ് കേസ്സുകൾ തീർപ്പാക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പോക്സോ നിയമപ്രകാരമുള്ള

കേസുകളിൽ എത്രയുംവേഗം നടപടി സ്വീകരിക്കണമെന്ന നിലപാടാണുള്ളത്. പോക്സോ കേസുകളിൽ കുട്ടിയുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധുത്വമോ അധീശത്വമോ ഉള്ളവരാണ് പ്രതികളെന്നതിനാൽ ശിക്ഷാസാധ്യതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. സംസ്ഥാനത്ത് പോക്സോ കേസുകൾ വിചാരണ ചെയ്യുന്നതിനായി ജില്ലകൾതോറും അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി രൂപീകരിക്കുകയും എറണാകുളം ജില്ലയിൽ ഇതിനായി പ്രത്യേക കോടതി ആരംഭിക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 57 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ ആരംഭിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതാണ്. പോക്സോ കേസുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ആഭ്യന്തരം, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി, നിയമം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുസെക്രട്ടറിമാർ അംഗങ്ങളുമായുള്ള സമിതി രൂപീകരിക്കുന്നതാണ്. കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിന്റെ ഭാഗമായി കൗൺസിലർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും ശരിയായ ലൈംഗിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതിനും പോലീസ്, എക്സൈസ് വകുപ്പുകളുടെ നേതൃത്വത്തിൽ സ്കൂൾ പരിസരത്ത് ലഹരി

വസ്തുക്കളുടെ വിൽപ്പന തടയുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സൈബർ ഫോറൻസിക് ലബോറട്ടറി സംവിധാനം ശക്തിപ്പെടുത്തുകയും അമ്മയും പെൺമക്കളും മാത്രം താമസിക്കുന്ന കുടുംബങ്ങൾക്ക് സംരക്ഷണം ഉറപ്പാക്കുകയും ചെയ്യും.

## III പ്രത്യേക പരാമർശം

ചീഫ് സെക്രട്ടറിയുടെ ലേഖനം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മാവോയിസ്റ്റ് കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്ന സന്ദർഭത്തിൽ ടൈംസ് ഓഫ് ഇൻഡ്യയിൽ ചീഫ് സെക്രട്ടറി എഴുതിയ ലേഖനത്തിലെ പരാമർശം അനുചിതവും അന്വേഷണത്തെ സ്വാധീനിക്കുന്നതുമാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ലേഖനം എഴുതുന്നതിന് ചീഫ് സെക്രട്ടറി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. 05-11-2019-ൽ ടൈംസ് ഓഫ് ഇൻഡ്യയിൽ പ്രസിദ്ധീകരിച്ച മാവോയിസ്റ്റ് ഭീകരതയുമായി ബന്ധപ്പെട്ട ലേഖനത്തിലെ പരാമർശങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിപരമായ

അഭിപ്രായങ്ങൾ മാത്രമാണ്. ലേഖനത്തിലെ പരാമർശങ്ങൾ കേസ്സന്വേഷണത്തെ ഒരുതരത്തിലും ബാധിക്കുകയില്ല.

**IV സബ്മിഷൻ**

(1) പട്ടയം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ താമസിച്ച് കൃഷിചെയ്തുവരുന്ന മലയരയന്മാരുടെ കൈവശഭൂമിക്ക് ഉപാധിരഹിത പട്ടയം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ മലയരയന്മാരുൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാർക്ക് 01-01-1977-നുമുമ്പ് കൈവശംവച്ചുവരുന്ന ഭൂമിക്ക് Kerala Land Assignment (Regularisation of Occupation of Forest Lands prior to 01.01.1977) Rules, 1993 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പട്ടയം നൽകാവുന്നതാണ്. കൈവശരേഖ ഇതിനകം അനുവദിച്ചിട്ടുള്ളവർക്ക് ആയത് റദ്ദുചെയ്ത് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(2) <u>കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്</u>

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ് തുറന്നുപ്രവർത്തിപ്പിക്കുന്നതിനും പ്രസ്സിന്റെ കൈവശമുള്ള ഭൂമി വിവിധ വകുപ്പുകളുടെ വികസനാവശ്യങ്ങൾക്കായി സംസ്ഥാന സർക്കാരിന് വിട്ടുകിട്ടുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ് നാസിക്കിലെ പ്രസ്സുമായി ലയിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്നും പ്രസ്സിന്റെ കൈവശമുള്ള അധികഭൂമി കേന്ദ്ര സ്ഥാപനങ്ങൾക്കായി ഉപയോഗപ്പെടുത്തുകയോ സംസ്ഥാനത്തിന് തിരികെ നൽകുകയോ ചെയ്യണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയത്തിന് അയച്ച കത്തിന് ലയന നടപടി തുടരുമെന്നും ലയനം ജീവനക്കാരെ ബാധിക്കില്ലെന്നുമുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്. പ്രസ്സിന്റെ ഉപയോഗത്തിലല്ലാത്ത 15 ഏക്കർ ഭൂമി വ്യാവസായികാവശ്യത്തിന് നിശ്ചിതവിലയ്ക്ക് വിട്ടുനൽകണമെന്ന സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്രസർക്കാർ അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല.

(3) വിവാഹച്ചടങ്ങിനിടെയുണ്ടായ അതിക്രമം

ശ്രീ. സണ്ണി ജോസഫ്: പേരാവൂർ പഞ്ചായത്തിലെ മുരിങ്ങോടിയിൽ വിവാഹച്ചടങ്ങിനിടയിലുണ്ടായ അതിക്രമത്തിന് ഉത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): മുരിങ്ങോടിയിൽ നവ്യ എന്ന പെൺകുട്ടിയുടെ വിവാഹാവശ്യത്തിന് വെള്ളമെടുക്കാൻ ഉദ്ദേശിച്ചിരുന്ന കിണറിൽ സാമൂഹ്യവിരുദ്ധർ വിഷദ്രാവകം കലക്കിയതും വിവാഹം നടത്താൻ നിശ്ചയിച്ചിരുന്ന പേരാവൂർ ഗ്രാമപഞ്ചായത്തുവക സാംസ്കാരിക നിലയത്തിൽ അതിക്രമിച്ചുകയറി ചുമരിൽ കരി ഓയിൽ ഒഴിച്ചതുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ പേരാവൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിവരികയാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) ശുദ്ധജല വിതരണ പദ്ധതി

ശ്രീമതി പി. അയിഷാ പോറ്റി: മീനാട് ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കാനും പൈപ്പ്ലൈൻ സ്ഥാപിക്കാൻ റോഡുകൾ കുഴിക്കുന്നതിന്

സ്ഥിരം സംവിധാനമുണ്ടാക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): മീനാട് ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് വിതരണ ശൃംഖലയൊഴിച്ച് ബാക്കിയുള്ള പണികളെല്ലാം പൂർത്തിയായിട്ടുണ്ട്. ഏകദേശം 963 കിലോമീറ്റർ വരുന്ന വിതരണ ശൃംഖലയുടെ പൈപ്പുലൈനുകൾ സ്ഥാപിച്ച് ജലവിതരണം നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വെളിയം പഞ്ചായത്തിലെ വിതരണത്തിനുള്ള ഭൂതല സംഭരണി സ്ഥിതി ചെയ്യുന്ന പ്രദേശത്ത് 400 മീറ്ററോളം ഗ്യാപ്പുള്ളതിനാൽ ടി പഞ്ചായത്തിൽ മീനാട് സ്കീം കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. വിതരണക്കുഴൽ സ്ഥാപിക്കുന്നതിന് കൊല്ലം റോഡ് ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. അനുമതി ലഭിച്ചാൽ മാത്രമേ പൈപ്പ് ലൈൻ സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ.

(5) സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

ശ്രീ. അനൂപ് ജേക്കബ്: പിറവത്ത് ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കേരളത്തിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ഇല്ലാത്ത താലൂക്കുകളിൽ 2018-ൽ 6

ആർ.ടി. ഓഫീസുകളും 2019-ൽ 7 സബ് ആർ.ടി. ഓഫീസുകളും ആരംഭിച്ചിട്ടുണ്ട്. പിറവം കേന്ദ്രമാക്കി ടി ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(6) കബനി പദ്ധതിയിൻകീഴിലുള്ള ജീവനക്കാരുടെ പുനർവിന്യാസം

ശ്രീ. ജെയിംസ് മാത്യു: സൂക്ഷ്മ നീർത്തടാധിഷ്ഠിത പദ്ധതിയുടെ പ്രോത്സാഹനാർത്ഥം മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിലേയ്ക്ക് കൂടുതൽ ഉദ്യോഗസ്ഥരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സമൃദ്ധി മണ്ണ് ജല സംരക്ഷണ പദ്ധതിയുടെ തുടർപ്രവൃത്തികൾക്കായി 2020-21-ൽ 12 കോടി രൂപയുടെ പ്രൊപ്പോസൽ വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ കബനി പദ്ധതിയിലെ 42 ജീവനക്കാരെ പുനർവിന്യസിച്ച് തളിപ്പറമ്പ്, ഇരിക്കൂർ ബ്ലോക്കുകൾ ആസ്ഥാനമാക്കി രണ്ട് മണ്ണ് സംരക്ഷണ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കബനി പദ്ധതിയിൻകീഴിലുള്ള ജീവനക്കാരെ വിവിധ പദ്ധതികളിൽ പുനർവിന്യസിക്കാനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ

പരിഗണനയിലാണ്.

(7) റോഡ് നിർമ്മാണം

ശ്രീ. മുല്ലക്കര രത്നാകരൻ: ചടയമംഗലം നിയോജകമണ്ഡലത്തിലെ പാങ്ങോട്-ചിങ്ങോലി-ചടയമംഗലം റോഡ് നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 27 കോടി 80 ലക്ഷം രൂപയുള്ള പാങ്ങോട്-കടയ്ക്കൽ-ചിങ്ങോലി-ചടയമംഗലം റോഡിന്റെ 30 ശതമാനം പണി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. കിഫ്ബി ഉദ്യോഗസ്ഥരുടെ പരിശോധനയിൽ നിർമ്മാണത്തിൽ അപാകത കണ്ടെത്തിയതിനെത്തുടർന്ന് പണിനിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. പി.ഡബ്ല്യു.ഡി. ക്വാളിറ്റി മാന്വലിൽ നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉറപ്പുവരുത്തി പ്രവൃത്തി എത്രയുംവേഗം പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(8) റോഡുകളുടെ പുനർനിർമ്മാണം

ശ്രീ. റോജി എം. ജോൺ: അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി-ഏഴാറ്റുമുഖം, വേങ്ങൂർ- നായത്തോട്, അങ്കമാലി-മഞ്ഞപ്ര-മലയാറ്റൂർ റോഡുകൾ

സഞ്ചാരയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ദേശീയപാത നിലവാരത്തിലുള്ള അങ്കമാലി-മഞ്ഞപ്ര-മലയാറ്റൂർ റോഡിനാവശ്യമായ തുക കേന്ദ്രസർക്കാർ നേരത്തെ അനുവദിച്ചിട്ടുണ്ട്. രണ്ട് തവണ ടെണ്ടർ ചെയ്തിട്ടും ക്വാട്ട് ചെയ്യാത്ത പ്രസ്തുത വർക്ക് വീണ്ടും ടെണ്ടർ പ്രോസസ്സിംഗിലാണ്. 1 കോടി 60 ലക്ഷം രൂപയുടെ വേങ്ങൂർ-നായത്തോട് എയർപോർട്ട് റോഡിന്റെ ഒരുഭാഗം പൂർത്തീകരിച്ചെങ്കിലും മണ്ണെടുപ്പുമായി ബന്ധപ്പെട്ട കേസ് നടക്കുന്നതിനാൽ പണി തടസ്സപ്പെട്ടിരിക്കുകയാണ്. 2 കോടി 80 ലക്ഷം രൂപയുടെ കറുകുറ്റി-ഏഴാറ്റുമുഖം റോഡിന്റെ ടെണ്ടർ ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ വിസമ്മതിക്കുന്ന സാഹചര്യത്തിൽ ജനപ്രതിനിധി മുൻകയ്യെടുത്ത് പ്രശ്നം പരിഹരിക്കണം.

## (9) ദേശീയപാത 66-ന്റെ നവീകരണം

ശ്രീ. എം. സി. കമറുദ്ദീൻ: കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ പെർവാട് വരെയുള്ള ദേശീയപാതയുടെ നവീകരണം ആരംഭിക്കാൻ നടപടിയുണ്ടാകണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ദേശീയപാത 66-ലെ തലപ്പാടി മുതൽ പെർവാട് വരെയുള്ള ഭാഗം നവീകരിക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ വൈകുമെന്നതിനാൽ പ്രസ്തുത ഭാഗം റീസർഫസ് ചെയ്യുന്നതിനായി 15 കോടി രൂപ അനുവദിക്കുകയും കാലാവസ്ഥ അനുകൂലമാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതുമാണ്.

(10) പട്ടികജാതി കോളനിയിലേയ്ക്കുള്ള വഴി

ശ്രീ. ആർ. രാജേഷ്: മാവേലിക്കര നിയോജകമണ്ഡലത്തിൽ തെക്കേക്കര പഞ്ചായത്തിലെ വാലിൽ പട്ടികജാതി കോളനിയിലേയ്ക്കുള്ള വഴിയുടെ വീതികൂട്ടാൻ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി മൊയ്തീൻ): മാവേലിക്കര തെക്കേക്കര പഞ്ചായത്തിലെ വാലിൽ പട്ടികജാതി കോളനിയിലേയ്ക്കുള്ള വഴി വീതി കൂട്ടുന്നതിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ ഉത്തരവുപ്രകാരമുള്ള ഫണ്ട് ലഭ്യത ഉറപ്പാക്കി അനുമതി നൽകുന്നതാണ്.

## V സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2019 നവംബർ 6-ാം

തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

1. 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

3. 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര

നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. ഉബൈദുള്ളയ്ക്കുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ: I move that-

" This House resolves to disapprove The Kerala Farmers' Debt Relief Commission (Amendment) Ordinance, 2019 (Ordinance No.36 of 2019)".

റബ്ബറിന്റെ ഉത്പാദനച്ചെലവും വിലക്കുറവുംമൂലം റബ്ബർ മേഖല ഇന്ന് പ്രതിസന്ധിയിലാണ്. പ്രകൃതിദുരന്തംമൂലമുള്ള നാശനഷ്ടങ്ങൾക്ക് നൽകുന്ന തുക അപര്യാപ്തമാണ്. കർഷകർ വായ്പാതുക തിരിച്ചടയ്ക്കാൻ സാധിക്കാതെ ജപ്തി

നടപടി നേരിടുകയാണ്. കൃഷി ആദായകരമല്ലാത്തതിനാൽ പുതുതലമുറ കൃഷിയിൽ വൈമുഖ്യം പ്രകടിപ്പിക്കുകയും കർഷകർ കൃഷി ഉപേക്ഷിച്ച് മറ്റ് ജോലികൾ സ്വീകരിക്കുന്ന അവസ്ഥ സംജാതമായിരിക്കുകയുമാണ്. കർഷകരുടെ സംരക്ഷണത്തിന് സർക്കാർ പ്രഥമ പരിഗണന നൽകണം. കർഷകർക്ക് സഹകരണ ബാങ്കുകൾ വഴി നാല് ശതമാനം പലിശയ്ക്ക് മൂന്ന് ലക്ഷം രൂപയുടെ ഗോൾഡ് ലോൺ നൽകുന്നതിന് നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭംമൂലം കൃഷിനശിക്കുന്ന കർഷകരുടെ വായ്പകളിന്മേൽ പലിശയും പിഴപ്പലിശയും ഒഴിവാക്കണം. കർഷകരുടെ ക്ഷേമത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്നതിന് സർക്കാർ തയ്യാറാകണം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. കർഷകന് രണ്ട് ലക്ഷം രൂപ വരെയുള്ള കടാശ്വാസം ലഭിക്കത്തക്കതരത്തിലുള്ള ഭേദഗതി കൊണ്ടുവരുമ്പോഴും കർഷകരുടെ ക്ഷേമത്തിനായി ക്രിയാത്മക ഇടപെടൽ നടത്താൻ സർക്കാരിന് സാധിച്ചിട്ടില്ല. കാർഷിക മേഖലയ്ക്കായി യാതൊരു പദ്ധതിയും ആവിഷ്കരിക്കാത്തത് പ്രതിഷേധാർഹമാണ്. റബ്ബർ മേഖല ഇന്ന് പ്രതിസന്ധി നേരിടുകയാണ്. കർഷക ആത്മഹത്യ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാരുണ്യ കർഷക

പദ്ധതി യാഥാർത്ഥ്യമാക്കാനും കർഷകരെ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരാനും നടപടിയുണ്ടാകണം. ജപ്തി നടപടികളിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും യുവാക്കളെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കുന്നതിനും മുൻകയ്യെടുക്കണം. പ്രളയാനന്തര കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പഠനവിധേയമാക്കണം.

ശ്രീ. ഇ. കെ. വിജയൻ: 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15.12.2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2006-ൽ പാസ്സാക്കിയ കർഷക കടാശ്വാസ കമ്മീഷൻ നിയമത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുകയെന്നതാണ് ഭേദഗതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. ആശ്വാസ നടപടികളുടെ ഗുണഫലം കർഷകർക്ക് ലഭിക്കുന്നതിനായി പൊതുമേഖലാ ബാങ്കുകളെയും ജില്ലാ ബാങ്കുകളെയും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരണം. കർഷക കടാശ്വാസ കമ്മീഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: 2019-ലെ കേരള കർഷക കടാശ്വാസ

കമ്മീഷൻ (ഭേദഗതി) ബിൽ ഒരു  സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കർഷകർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കൊണ്ടുവന്ന ഭേദഗതി സ്വാഗതാർഹമാണ്. കാർഷിക വിളകളുടെ വിലത്തകർച്ചയും പ്രകൃതിക്ഷോഭങ്ങളും വന്യമൃഗ ആക്രമണവുംമൂലമുള്ള കൃഷിനാശവും  കർഷകരെ കടക്കെണിയിലാക്കിയിരിക്കുകയാണ്. കൃഷിയിടങ്ങൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലാൻ കർഷകർക്ക് അനുമതി നൽകുന്ന ഉത്തരവിലെ അപ്രായോഗിക വ്യവസ്ഥകൾ തിരുത്തണം. കടാശ്വാസ കമ്മീഷൻ ആനുകൂല്യങ്ങളും  പ്രളയത്തിൽ കൃഷി നശിച്ച കർഷകർക്കുള്ള നഷ്ടപരിഹാരവും സമയബന്ധിതമായി നൽകുന്നതിന്  സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്.

## VIII ക്രമപ്രശ്നം

<u>നിയമസഭാ മന്ദിരത്തിലെ നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട പരാമർശം</u>

<u>ശ്രീ. രാജു എബ്രഹാം</u>: നിയമസഭാ മന്ദിരത്തിലെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സഭയുടെ നടപടിക്രമങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും വിരുദ്ധമായി സഭയേയും ബഹുമാനപ്പെട്ട സ്പീക്കറെയും

അധിക്ഷേപിക്കുന്ന തരത്തിലുള്ള ചില പ്രതിപക്ഷാംഗങ്ങളുടെ പരാമർശം രേഖകളിൽനിന്നും നീക്കം ചെയ്യണം.

**റൂളിംഗ്**

മി. സ്പീക്കർ: നിയമസഭ പ്രവർത്തിക്കുന്നത് ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും അടിസ്ഥാനത്തിലാണ്. ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം വളരെ ഗൗരവമുള്ളതാണ്. സ്പീക്കർ കൈക്കൊള്ളുന്ന തീരുമാനങ്ങളും സ്പീക്കറുടെ അധികാരപരിധിയിൽ വരുന്ന കാര്യങ്ങളും സഭയ്ക്കകത്ത് ചർച്ച ചെയ്യുകയില്ല. അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും വ്യക്തത വരുത്തേണ്ടതുണ്ടെങ്കിൽ നേരിൽ കണ്ടോ ബി.എ.സി. മുഖേനയോ ആണ് ചെയ്യേണ്ടത്. ബഹുമാനപ്പെട്ട അംഗങ്ങൾ ഈ കാര്യങ്ങൾ ഭാവിയിൽ ശ്രദ്ധിക്കണം. ഇവിടെ ഉന്നയിക്കപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ലോക കേരളസഭാ സമ്മേളനത്തിനായി ഒരു സ്ഥിരം വേദി വേണമെന്നുള്ള കൂടിയാലോചനയുടെ അടിസ്ഥാനത്തിലാണ് നിയമസഭാ സമുച്ചയത്തിലുള്ള ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു വേദിയാക്കി മാറ്റാൻ തീരുമാനിച്ചത്. ഇത്തരമൊരു ചർച്ച ഇതുമായി ബന്ധപ്പെട്ട് വന്നത് നിർഭാഗ്യകരമാണ്.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): 2006-ലെ കർഷക കടാശ്വാസ കമ്മീഷൻ നിയമത്തിനാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട കടാശ്വാസത്തിന്റെ പരിധി മിനിമം ഒരു ലക്ഷം രൂപയും മാക്സിമം രണ്ടു ലക്ഷം രൂപയുമാക്കി ഉയർത്തി കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാനും ഇടുക്കി, വയനാട് ജില്ലകളിലെ 2018 ഓഗസ്റ്റ് മാസം 31 വരെയുള്ള കടങ്ങളും മറ്റ് ജില്ലകളിലെ 2014 മാർച്ച് മാസം 31 വരെയുള്ള കടങ്ങളും കടാശ്വാസ കമ്മീഷൻ പരിധിയിലേക്ക് കൊണ്ടുവരാനുമുള്ളതാണ് ഈ ഭേദഗതി. കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന കർഷകർ എടുത്തിട്ടുള്ള വായ്പകൾ കാർഷിക വായ്പകളായി പരിഗണിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. മറ്റ് ബാങ്കുകളിൽനിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളും കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്ന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നുമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കർഷക ആത്മഹത്യകളുണ്ടായ സാഹചര്യം കണക്കിലെടുത്ത് അൻപതിനായിരം രൂപയ്ക്ക് മേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകരുടെ കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കുകയും

ഓവർഡ്യൂ ആയിട്ടുള്ള കാർഷിക വായ്പകൾ ക്രമീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): വളരെ തുച്ഛമായ വേതനത്തിന് ജോലി ചെയ്യുന്ന മദ്രസ്സാദ്ധ്യാപകരെ സഹായിക്കുന്നതിനുവേണ്ടിയാണ് മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് കൊണ്ടുവന്നിട്ടുള്ളത്. പാലൊളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന കോഴിക്കോട് ആസ്ഥാനമായ മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുടെ നടത്തിപ്പ് നിയമംമൂലം വ്യവസ്ഥപ്പെടുത്തുന്നതിനുവേണ്ടിയാണ് നിയമനിർമ്മാണം നടത്തുന്നത്.

കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചെയർമാനെയും അംഗങ്ങളെയും നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും 2019 ജൂൺ 21-ന് ക്ഷേമനിധി ബോർഡിന്റെ പദ്ധതികളും ചട്ടങ്ങളും വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ക്ഷേമനിധി ബോർഡിന് സ്വതന്ത്ര ചുമതലകളാണ് നൽകിയിട്ടുള്ളത്. പുതിയ സ്കീം പ്രകാരം 2020 ഏപ്രിൽ 1 മുതൽ പെൻഷൻ പ്രായം 60 വയസ്സാക്കി കുറയ്ക്കുന്നതിനും പെൻഷൻ തുക കുറഞ്ഞത് 1500 രൂപയും കൂടിയത് 7500 രൂപയുമായി നിജപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വിവാഹ ധനസഹായം, സ്കോളർഷിപ്, പലിശരഹിത ഭവനവായ്പ, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, അവശതാ പെൻഷൻ, പലിശരഹിത ഭവന-വിവാഹ വായ്പ എന്നീ സഹായങ്ങളും നൽകിവരുന്നുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്</u>: I move that-

" This House resolves to disapprove The Kerala Madrasa Teachers' Welfare Fund Ordinance, 2019 (Ordinance No. 30 of 2019)."

മദ്രസ്സാദ്ധ്യാപകർക്ക് നൽകുന്ന വിവാഹ ധനസഹായവും പെൻഷൻ തുകയും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിൽ ഗവർണർ ഒപ്പുവച്ച തീയതിമുതൽ ബില്ലിന് പ്രാബല്യം നൽകണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനങ്ങൾ വ്യത്യസ്തങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മദ്രസ്സാദ്ധ്യാപകരുടെ ആനുകൂല്യങ്ങൾ ദുരുപയോഗം ചെയ്യാനാണ് ഈ ബില്ലിലൂടെ സർക്കാർ ശ്രമിക്കുന്നത്. ന്യൂനപക്ഷ ക്ഷേമത്തിനായി കേന്ദ്രസർക്കാരിൽനിന്ന് ലഭിച്ച ഗ്രാന്റ് സംബന്ധിച്ച് വ്യക്തമാക്കണം. ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള കോച്ചിംഗ് സെന്ററുകൾ കാര്യക്ഷമമാക്കുകയും വിവാഹ/ചികിത്സാ ധനസഹായങ്ങൾ വർദ്ധിപ്പിക്കുകയും കോർപ്പസ് ഫണ്ടിനത്തിൽ സർക്കാർ അടയ്ക്കേണ്ട കുടിശ്ശിക അടയ്ക്കുകയും ചെയ്യണം.

ശ്രീ. വി. പി. സജീന്ദ്രനുവേണ്ടി <u>ശ്രീ. പി. ഉബൈദുള്ള</u>: 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമപെൻഷനും മരണാനന്തര സഹായവും കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനും പ്രായപരിധി 18 മുതൽ 55 വയസ്സുവരെയാക്കുന്നതിനും സമീപ സംസ്ഥാനങ്ങളിൽ കേരള സിലബസ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരെക്കൂടി ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനും തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ റീജിയണൽ ഓഫീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. അറബി, ഉറുദു തുടങ്ങിയ ഭാഷകൾ പഠിപ്പിക്കുന്നതിന് ഒരു സർവ്വകലാശാല ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. വിധവകൾക്കുള്ള ഭവനനിർമ്മാണ പദ്ധതി സമയബന്ധിതമായി നടപ്പാക്കണം.

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: 2019-ലെ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മദ്രസ്സാദ്ധ്യാപകർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാന വഖഫ് ബോർഡിന് നൽകുന്ന അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റും സോഷ്യൽ വെൽഫയർ ഗ്രാന്റും മദ്രസ്സാദ്ധ്യാപകരുടെ

പെൻഷൻ തുകയും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. സി. മമ്മൂട്ടി: ഭേദഗതിയെ പിന്താങ്ങുന്നു. ന്യൂനപക്ഷക്ഷേമത്തിനായി കേന്ദ്രസർക്കാരിൽനിന്ന് അനുവദിക്കുന്ന തുക യഥാസമയം ലഭ്യമാക്കുന്നതിനും ക്ഷേമനിധിയിൽ കൂടുതൽ പേരെ അംഗങ്ങളാക്കുന്നതിനും ക്ഷേമനിധി രജിസ്ട്രേഷനും അംശദായം അടയ്ക്കുന്നതും ഓൺലൈൻ മുഖേനയാക്കുന്നതിനും നടപടി സ്വീകരിക്കണം. ക്ഷേമനിധിയിലെ ഒരംഗം സേവനം പൂർത്തിയാക്കുകയോ രാജിവച്ചൊഴിയുകയോ ജോലിയിൽനിന്ന് പിരിച്ചുവിടപ്പെടുകയോ ചെയ്താൽ അംഗത്വം നഷ്ടപ്പെടാതിരിക്കുന്നതിന് നടപടിയുണ്ടാകണം. മദ്രസ്സാദ്ധ്യാപകരുടെ പെൻഷൻ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതോടൊപ്പം പലിശരഹിത വായ്പയും നൽകണം.

ശ്രീമതി ഇ. എസ്. ബിജിമോൾക്കുവേണ്ടി ശ്രീ. മുഹമ്മദ് മുഹസിൻ പി.: ഭേദഗതിയെ പിന്താങ്ങുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മദ്രസ്സാദ്ധ്യാപകർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ പെൻഷൻ പ്രായം

60 ആയി കുറച്ച നടപടി ശ്രദ്ധേയമാണ്. പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും ക്ഷേമനിധിയിൽനിന്ന് രാജി വയ്ക്കുകയോ മാറിപ്പോകുകയോ ചെയ്യുന്നവർക്ക് ക്ഷേമനിധി ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി രൂപീകൃതമായ പാലൊളി കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ 75 ശതമാനവും നടപ്പിലാക്കിയതും മദ്രസ്സാദ്ധ്യാപക ക്ഷേമനിധി രൂപീകരിച്ചിട്ടുള്ളതുമായ ഏക സംസ്ഥാനം കേരളമാണ്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുടെ കുറഞ്ഞ പെൻഷൻ അടുത്ത സാമ്പത്തിക വർഷം മുതൽ 1500 രൂപയായി നിശ്ചയിക്കുന്നതാണ്. സി-ഡിറ്റിന്റെ സഹായത്തോടെ ക്ഷേമനിധിയിൽ പണമടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതാണ്. 22500 പേരാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. ന്യൂനപക്ഷ വിഭാഗങ്ങൾക്കായി 8 പുതിയ മൈനോറിറ്റി കോച്ചിംഗ് സെന്ററുകളുടെയും 10 സബ് സെന്ററുകളുടെയും പ്രവർത്തനം ആരംഭിക്കുകയും 7 പുതിയ സെന്ററുകൾ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതുമാണ്. പ്രീ-മാരിറ്റൽ കോഴ്സ്, എ.പി.ജെ. അബ്ദുൾകലാം പോളിടെക്നിക് സ്കോളർഷിപ് പദ്ധതി, പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കായി മദർ

തെരേസാ സ്കോളർഷിപ്, ഭവന പുനരുദ്ധാരണ പദ്ധതി എന്നിവ ആരംഭിക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

**അറിയിപ്പ്**

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> സഭാ സമ്മേളനത്തിനുശേഷം ബാങ്ക്വറ്റ് ഹാളിൽ സാമാജികർക്കായി കുമാരി ഹരിത തമ്പാൻ അവതരിപ്പിക്കുന്ന 'ചിലമ്പ് ' എന്ന ഭരതനാട്യ നൃത്താവിഷ്കാരം സംഘടിപ്പിച്ചിട്ടുണ്ട്.

സഭ വൈകുന്നേരം 5.31-ന് പിരിഞ്ഞു.

*******